(ജി) റോഡിന്റെ മറവിൽ നിന്നും ട്രാഫിക്ക് സിഗ്നലിന്റെ സമീപത്ത് നിന്നും വാഹന പരിശോധന നടത്തിയതിന്റെ ഫലമായും പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായും ഈ കാലയളവിൽ ആരും തന്നെ മരണപ്പെട്ടിട്ടില്ല. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 06/2012 ലംഘിച്ചുകൊണ്ട് വാഹനപരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ ടി സർക്കുലർ നമ്പർ 6/2012 പാലിച്ചുകൊണ്ടായിരിക്കണം വാഹന പരിശോധനകൾ നടത്തേണ്ടതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള പോലീസ് സർവ്വീസ്

154 (159) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട് മാതൃകയിൽ ഡി.വൈ.എസ്.പി: തസ്തികയിൽ ഉൾപ്പെടെ നേരിട്ട നിയമനം നടത്തുന്ന തരത്തിൽ കേരള പോലീസ് സർവീസ് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സർക്കാരിന്റെ പരിഗണനയിലില്ല.

കൂട്ട മതംമാറ്റൽ

155 (160) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഘർവാപസി എന്ന പേരിൽ വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് കൂട്ട മതംമാറ്റൽ സംഭവം നടന്നിട്ടുള്ള വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) ഇത്തരം സംഭവത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ-2, കോട്ടയം-5, തൃശ്ശൂർ -1 എന്നിങ്ങനെ 8 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly